**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3198** **25-10-2021 - ൽ മറുപടിയ്ക്ക്**

**നീന്തൽ അറിവിന് ബോണസ് പോയിന്റ് നൽകുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി പ്രവേശനത്തിന് നീന്തൽ അറിവിന് ബോണസ് പോയിന്റ് ലഭിക്കുന്നതിന് ഈ അദ്ധ്യയന വർഷം ജില്ലാ സ്പോർട്സ് കൗൺസിൽ നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ടുണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2010 കായിക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാന ത്തിലാണ് 2010-11 അധ്യയന വർഷം മുതൽ ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനത്തിന് നീന്തൽ അറിവ് ഉള്ള അപേക്ഷകർക്ക് 2 ബോണസ് പോയിന്റ് നൽകുവാൻ ആരംഭിച്ചത്. അപേക്ഷകൻ താമസിക്കുന്ന കോർപ്പറേഷൻ/മുനിസി പ്പാലിറ്റി/ഗ്രാമപഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കു ന്നവർക്കാണ് മുൻ വർഷങ്ങളിൽ ബോണസ് പോയിന്റ് ലഭിച്ചിരുന്നത്. എന്നാൽ മുൻ വർഷങ്ങളിൽ നീന്തൽ സർട്ടിഫിക്കറ്റിന്റെ ആധികാരിതയെപ്പറ്റി നിരവധി പരാതികൾ ലഭിച്ചതിനാൽ ഈ വർഷം മുതൽ സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ച് 12.08.2021 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3667/2021/ പൊവിവ പ്രകാരം അപേക്ഷകൻ ജില്ലാ സ്പോർട്ട്സ് കൗൺസി ലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | അടുത്ത അദ്ധ്യയന വർഷം മുതൽ നേരത്തെ ഉണ്ടായിരുന്നതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് മതിയെന്ന കാര്യം പരിഗണിക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ